# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2487 — 17/8/2017 -ലെ മറുപടി

## എടവനക്കാട് ശുദ്ധജലടാങ്കിന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. എസ്.ശർമ്മ | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജിഡ - ഫിഷറീസ് ഫണ്ടുകൾ വിനിയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ എടവനക്കാട് ശുദ്ധജലടാങ്കിന്റെ പ്രവർത്തനം പൂർണ്ണമായ തോതിൽ ആരംഭിക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;<br>(ബി) ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോ; വിശദമാക്കുമോ? | (എ) & (ബി) | എടവനക്കാട്, കുഴുപ്പിള്ളി പഞ്ചായത്തുകൾക്കുവേണ്ടി മാത്രമായി ഉപയോഗിക്കാൻ വിഭാവനം ചെയ്തിട്ടുള്ള എടവനക്കാട് ടാങ്ക് പൂർണ്ണ തോതിൽ പ്രവർത്തിച്ച് വരുന്നുണ്ട്. എന്നാൽ നായരമ്പലം പഞ്ചായത്തിനു വേണ്ടി നിർമ്മിക്കുന്ന ഞാറയ്ക്കൽ ജലസംഭരണി പൂർത്തീകരിക്കാത്തതിനാൽ നായരമ്പലം പഞ്ചായത്തിന് ഒന്നിടവിട്ട ദിവസങ്ങളിൽ ഈ ടാങ്കിൽനിന്നും വെള്ളം നൽകുന്നുണ്ട്. ഈ ദിവസങ്ങളിൽ എടവനക്കാട്, കുഴുപ്പിള്ളി പഞ്ചായത്തുകളിൽ പറവൂർ സമ്പിൽ നിന്നും നേരിട്ട് വെള്ളം നൽകുന്നുണ്ട്.<br>31/8/2018-ൽ ഞാറയ്ക്കൽ ടാങ്കിന്റെ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. പണി പൂർത്തീകരിക്കുന്നതോടെ നായരമ്പലത്തിലേക്ക് എടവനക്കാട് ടാങ്കിൽ നിന്നുമുള്ള വിതരണം നിർത്തി, എടവനക്കാട്, കുഴുപ്പിള്ളി പഞ്ചായത്തുകൾക്ക് മാത്രമായി പൂർണ്ണതോതിൽ ജലവിതരണം നടത്തുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

JSK/